
# മൂന്നുനോമ്പും പുറത്തുനമസ്കാരവും

CHRISTIAN MUSICOLOGICAL SOCIETY OF INDIA



ചരിത്രപ്രസിദ്ധമായ

## കരിങ്കൽകുരിശ്

### കടുത്തുരുത്തി വലിയപള്ളി

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

*Imprimi Potest*

Rev. Fr. Mathew Chellakandathil

*Imprimatur*

Mar Thomas Tharayil
Bishop of Kottayam
18-01-1972

*Revised by*

Rev. Dr. Jacob Vellian
06 - 01-1985

*Published by*

Kaduthuruthy Valiapally

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



# കടുത്തുരുത്തി വലിയപള്ളി

www.TheCMSIndia.org

# മൂന്നുനോമ്പും പുറത്തുനമസ്കാരവും

## മൂന്നുനോമ്പ്

1599- ൽ കടുത്തുരുത്തി സന്ദർശിച്ച മെനേസിസ് മെത്രാപ്പോലീത്തായുടെ സെക്രട്ടറി ഗുവെയാ നൽകുന്ന യാത്രാ വിവരണത്തിൽ (1606) നിനിവേക്കാരുടെ ഉപവാസമെന്നും മൂന്നുനോമ്പെന്നും പേരുള്ള ഒരു ഉപവാസത്തെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. വളരെയധികം ആളുകൾ പാലിച്ചിരുന്ന ഈ നോമ്പിന്റെ അവസാനദിവസം വിപുലമായ രീതിയിലുള്ള ഒരു പന്തിഭോജനവും നേർച്ചയും ഉണ്ടായിരുന്നുവെന്ന് അദ്ദേഹം സാക്ഷിക്കുന്നു. കേരളസഭയിലും കൽദായസഭയിലും നെസ്തോറിയൻ സഭയിലും അന്ത്യോക്യൻ - മലങ്കരസഭകളിലും അലക്സാണ്ട്റിയൻസഭയിലും വലിയനോമ്പിനു മുമ്പ് ആചരിച്ചുവരുന്ന മൂന്നു ദിവസത്തെ നോമ്പാണ് ഇതിലെ പ്രതിപാദ്യം (1).

പേത്തുർത്തായ്ക്കു മുമ്പ് മൂന്നാമത്തെ ആഴ്ചയിലെ തിങ്കൾ, ചൊവ്വാ, ബുധൻ എന്നീ ദിവസങ്ങളിൽ നോമ്പാചരിക്കുകയും വ്യാഴാഴ്ച തിരുനാളായി ആഘോഷിക്കുകയും ആണ് പതിവ്. ഈ നാലു ദിവസങ്ങൾക്കും നമ്മുടെ റീത്തിൽ കുർബാനയ്ക്കും നമസ്കാരത്തിനും പ്രത്യേക പ്രാർത്ഥനകളുണ്ട്. സുറിയാനിയിലുള്ള കാനോനാ നമസ്കാരത്തിന്റെ ചില ഭാഗങ്ങളാണ് പുറത്തുനമസ്കാരത്തിന് ഉപയോഗിക്കുക.

---

(1) Antonio de Gouvea Coimbra, *Jornada do Arcebispo de Goa DomFrey Aleixo de Meneses*, 1606 fol 48



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# മൂന്നുനോമ്പിന്റെ ഉൽഭവം

എ.ഡി 570 നും 581 നും ഇടക്ക് നിനിവേ, ബേസ്ഗർമയി, അത്തൂർ എന്നീ പ്രദേശങ്ങളിൽ കഠിനമായ പ്ലേഗ് ബാധയുണ്ടാവുകയും ജനങ്ങൾ മോചനത്തിനായി ദൈവത്തോട് പ്രാർത്ഥിക്കുകയും ചെയ്തു. ഒരു തിങ്കളാഴ്ച മുതൽ വ്യാഴാഴ്ച വരെ കഠിനമായി ഉപവസിക്കുകയും ചെയ്തു. പ്ലേഗിൽനിന്നു വിമോചിതരായതിന്റെ നന്ദിയായി എല്ലാ വർഷവും ഈ ആചരണം തുടരണമെന്ന് അവർ തീരുമാനിച്ചു. ഇത് പാത്രിയാർക്കീസ് ഏലിയായോ, മാർ എമ്മായോ തുടങ്ങിയതാണെന്ന് പറയപ്പെടുന്നു. ഇതിനുശേഷമാണ് നിനിവേക്കാരുടെ ഉപവാസവുമായി ഇതിനെ ബന്ധിപ്പിച്ചതെന്ന് പറയാറുണ്ടെങ്കിലും മാർ അപ്രേം നർസേ (5-ാം നൂറ്റാണ്ട്), അന്ത്യോക്യയിലെ ഐസക് (7-ാം നൂറ്റാണ്ട്) എന്നിവർ നിനിവേക്കാരുടെ ഉപവാസത്തെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട് എന്നത് ശ്രദ്ധാർഹമാണ്. ഏതായാലും ഒരു ജനം ദൈവകാരുണ്യത്തിനുവേണ്ടി നടത്തുന്ന രോദനവും യാചനയുമാണ് മൂന്നുനോമ്പിന്റെ അന്ത:സത്ത. ധ്യാനത്തിനും ജീവിത നവീകരണത്തിനും ഉദ്ദേശിച്ചുള്ള ഒരവസരമായിട്ടാണ് പിതാക്കന്മാർ മൂന്നുനോമ്പിനെ ദർശിക്കുന്നത്.

കേരളത്തിലെ സുറിയാനിക്രിസ്ത്യാനികൾ മൂന്നുനോമ്പാചരണം കഴിഞ്ഞ് വ്യാഴാഴ്ച ഭക്തിനിർഭരമായും ആഘോഷമായും ദൈവാലയത്തിൽ കയറി വി. കുരിശിനെ വണങ്ങിയിരുന്നതായി രേഖയുണ്ട്. (2)

കേരളത്തിൽ പലയിടത്തും മൂന്നുനോമ്പ് ആചരിച്ചിരുന്നു. സമീപസ്ഥ ദൈവാലയങ്ങളായ കടുത്തുരുത്തിയിലും, കുറവിലങ്ങാട്ടും മൂന്നുനോമ്പ് വളരെ ആഘോഷമായി നടത്തിയിരുന്നതിനാലും ഇരു ദേശങ്ങളിലെയും ആളുകൾ രണ്ടു ദൈവാലയങ്ങളിലേയും മൂന്നുനോമ്പിൽ പങ്കെടുക്കുകയും പതിവായിരുന്നതിനാലുമായിരിക്കണം കുറവിലങ്ങാട്ട് തിങ്കൾ, ചൊവ്വ ദിവസങ്ങളിലും കടുത്തുരുത്തിയിൽ ചൊവ്വാ, ബുധൻ, ദിവസങ്ങളിലും മൂന്നുനോമ്പ്തിരുനാളിന്റെ ആഘോഷങ്ങൾ നടത്തിവരുന്നത്.

(2) Archives of the Congregation 'Propaganda Fide' Rome. S.O.C.G. 233 Fol. 341



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# കടുത്തുരുത്തി വലിയപള്ളിയിലെ പുറത്തുനമസ്കാരം

കടുത്തുരുത്തി വലിയപള്ളിയിൽ അതിപുരാതനകാലം മുതൽ മൂന്നുനോമ്പിന്റെ രണ്ടാം ദിവസമായ ചൊവ്വാഴ്ച വൈകുന്നേരം ചരിത്രപ്രസിദ്ധമായ കരിങ്കൽ കുരിശിൻചുവട്ടിൽ വച്ച് പരമ്പരാഗതമായി നടത്തിവരുന്ന ഒരു സമൂഹപ്രാർത്ഥനയാണ് പുറത്തുനമസ്കാരം. സീറോമലബാർ സഭയിൽ സുറിയാനി ആരാധനക്രമം നിലനിന്നിരുന്നപ്പോൾ പുറത്തുനമസ്കാരവും സുറിയാനിയിൽ തന്നെയായിരുന്നു. ഇപ്പോൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്ത് ഉപയോഗിച്ചുവരുന്നു. ഭക്തിനിർഭരവും പ്രാർത്ഥനാസമ്പുഷ്ടവും അർത്ഥപൂർണ്ണവും അന്യാദൃശവുമായ ഈ ഭക്താനുഷ്ഠാനത്തിൽ സംബന്ധിക്കുവാൻ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ധാരാളം ആളുകൾ വന്നെത്താറുണ്ട്.

(വിജ്ഞാപനം : പഴയനിയമചരിത്രത്തിൽ നിനിവേ നിവാസികൾ ദൈവകോപത്തിൽനിന്നും ശിക്ഷയിൽനിന്നും യൗനാൻ പ്രവാചകന്റെ ആഹ്വാനം സ്വീകരിച്ച് തപസ്സും പ്രായശ്ചിത്തവും പ്രാർത്ഥനയും വഴി രക്ഷനേടിയ ഹൃദയസ്പർശിയായ ചിത്രം നാം കാണുന്നു. ദൈവഹിതം അനുവർത്തിക്കുന്നതിൽനിന്ന് ഓടിയകന്ന പ്രവാചകനെ ദൈവകരം അനുധാവനം ചെയ്യുകയും മൂന്നു ദിവസം മത്സ്യത്തിനുള്ളിൽ കഴിഞ്ഞശേഷം വീണ്ടും നിനിവെയിലേക്ക് അദ്ദേഹത്തെ നയിക്കുകയും തന്റെ ദൗത്യനിർവഹണത്തിനായി സഹായിക്കുകയും ചെയ്ത ദൈവത്തിന്റെ അതിവിശിഷ്ടമായ പരിപാലനാവൈഭവം നമുക്ക് ദൃശ്യമാകുന്നുണ്ട്. ദൈവത്തിന്റെ കാരുണ്യവും അവിടുത്തെ നന്മകളും ധാരാളമായി സ്വീകരിച്ചവരായ നമ്മുടെ മദ്ധ്യത്തിലും അനീതിയും അക്രമവും പാപവും പെരുകിവരുന്ന സാഹചര്യത്തിൽ ദൈവകോപത്തിൽനിന്നും ശിക്ഷകളിൽനിന്നും രക്ഷപ്രാപിക്കുവാൻ വേണ്ടി അനുതാപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും അനുരഞ്ജനത്തിന്റെയും ആഹ്വാനം സ്വീകരിച്ച് ജീവിതപരിവർത്തനത്തിലേക്ക് നമ്മെ നയിക്കുവാൻ ഈ പ്രാർത്ഥനാശുശ്രൂഷ സഹായിക്കട്ടെ.)



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



www.TheCMSIndia.org

Kairali Kdy. 284534, 283483

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
REG. NO. 118/IV/2016

For further information
regarding this text Please contact:
*info@thecmsindia.org*
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- DIRECTORY OF CHRISTIAN SONGS
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART